ഭരണഭാഷ — മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ8-2210/2015/സിഇ/തസ്വഭവ** **തീയതി 25/05/2021**

# സർക്കുലർ

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - കോവിഡ്-19 രോഗവ്യാപന പ്രതിരോധം - വാക്സിനേഷൻ നടപടികൾ - CMDRF-ലേയ്ക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്

സൂചന : 1) ജി.ഒ(പി) നം. 43/2021/ധന തീയതി 26.02.2021
2) ജി.ഒ(എം.എസ്) നം. 44/2021/ധന തീയതി 08.02.2021

കോവിഡ്-19 രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി 04/2020 മുതൽ 08/2020 വരെയുള്ള കാലയളവിലായി 5 ഗഡുക്കളായി മാറ്റി വയ്ക്കപ്പെട്ട സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 04/2021 മുതൽ 5 പ്രതിമാസം 5 ഗഡുക്കളായി തിരിച്ച് നൽകുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി രോഗവ്യാപന പ്രതിരോധവുമായി ബന്ധപ്പെട്ട വാക്സിനേഷൻ നടപടികൾക്കായി ടി ശമ്പള തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതിന് അവസരം നൽകി സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

സൂചന (2) പ്രകാരം ഈ വകുപ്പിൽ നിന്നും CMDRF-ലേയ്ക്ക് സംഭാവന നൽകിയ / നൽകാനുദ്ദേശിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു. ടി സാഹചര്യത്തിൽ എല്ലാ DDO-മാരും താഴെ പറയും പ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഡി.ഡി.ഒ (പേര്, തസ്തിക, കാര്യാലയം) | ആദ്യ ഗഡു സംഭാവന ചെയ്ത ജീവനക്കാർ | | രണ്ടാം ഗഡു സംഭാവന (സമ്മതപത്രം നൽകിയത്) | | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| | | | | | | |

1) ഈ വകുപ്പിന് കീഴിലെ എല്ലാ ഗ്രാമ / ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരുടെയും പ്രസ്തുത വിവരം നിർദ്ദിഷ്ട DDO-മാർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, ടി വിവരം എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നിർദ്ദിഷ്ട DDO-മാരുടെ പേര്, തസ്തിക, കാര്യാലയം എന്നിവ സഹിതം (ജില്ലാപഞ്ചായത്ത് കാര്യാലയത്തിലെ വിവരം ഉൾപ്പെടെ) ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

2) ഈ വകുപ്പിന് കീഴിലെ എല്ലാ മുനിസിപ്പാലിറ്റി ജീവനക്കാരുടെയും വിവരം മേൽപ്പറഞ്ഞിരിക്കും പ്രകാരം DDO-മാരുടെ പേര്, തസ്തിക, കാര്യാലയം എന്നിവ സഹിതം നിർദ്ദിഷ്ട ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ (ടി കാര്യാലയങ്ങളിലേത് ഉൾപ്പെടെ) ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

3) KSRRDA നിയന്ത്രണാധികാരി മേൽപ്പറഞ്ഞിരിക്കും പ്രകാരം 14 PIU-കളിലേത് ഉൾപ്പെടയുള്ള വിവരം സമർപ്പിക്കേണ്ടതാണ്.

4) എല്ലാ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ടി വിവരം മേൽപ്പറഞ്ഞിരിക്കും പ്രകാരം സമർപ്പിക്കേണ്ടതാണ്.

**പ്രസ്തുത വിവരം ഇ-മെയിൽ മുഖേന ഈ കാര്യാലയത്തിലേയ്ക്ക് 31.05.2021-നകം സമർപ്പിക്കേണ്ടതാണ്**

ചീഫ് എഞ്ചിനീയർ

എല്ലാ നിയന്ത്രണാധികാരികൾക്കും
(വെബ്സൈറ്റ് / ഇ-മെയിൽ മുഖേന)